# സ്നേഹത്തോടെ മലർവാടിക്ക്...



ആദ്യമായാണ് ഞാൻ കത്തെഴുതുന്നത്. ചക്കര ഇഞ്ചിങ്ങയും പട്ടാളംപൈലിയുമാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ട കഥകൾ. മലർവാടിക്ക് എല്ലാവിധ ആശംസകളും.

**സന കെ.എം**
**പെരിമ്പലം, മദ്റസത്തു സലഫിയ്യ ഹൈസ്കൂൾ പടി, ഇരുമ്പുഴി**

പ്രിയപ്പെട്ട മലർവാടിക്ക്,
മലർവാടി എനിക്ക് കിട്ടിയാലുടൻ ചിരിവൈദ്യനാണ് വായിക്കാറ്. അതിലെ തമാശകൾ കണ്ട് തുടങ്ങും. മലർവാടിയിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ളത് പട്ടാളം പൈലി, ഫേസ്ബുക്ക് കിട്ടു, പദപ്രശ്നവുമെല്ലാമാണ്. മലർവാടിയിലെ അറിവുകളെല്ലാം എനിക്ക് പ്രയോജനമാണ്. മലർവാടിയിൽ ചിരിക്കഥകൾ കുറഞ്ഞിട്ടുണ്ട്. ഇനിയും ചിത്രകഥകൾ നിറച്ച് ഞങ്ങളെ സന്തോഷിപ്പിക്കണം കേട്ടോ മലർവാടീ..

**സ്റ്റെഫാന സൽവ**
**ക്ലാസ് 6, മുക്കം**
**എ.യു.പി.എസ്, പന്നിക്കോട്**

പ്രിയപ്പെട്ട മലർവാടീ,
ഞാൻ മലർവാടിയുടെ സ്ഥിരം വായനക്കാരിയാണ്. മലർവാടിക്ക് രണ്ടാമതാണ് കത്തയക്കുന്നത്. മലർവാടി കൈയിൽ കിട്ടിയാൽ ആദ്യം വായിക്കുന്നത് ഫേസ്ബുക്ക് കിട്ടുവാണ്. എല്ലാ സംശയങ്ങളും തീർത്തു തരുന്ന ശിഹാബ്ക്കയോട് ഞാനെന്റെ നന്ദി പറയുന്നു. ഫൂട്ട്നോട്ടുകളും സ്കൂൾമുറ്റവുമെല്ലാം വളരെ ഉപകാരമാണ്.
പൂച്ചപ്പോലീസ് വളരെ ത്രില്ലിംഗാണ്. മറ്റു ബാല പ്രസിദ്ധീകരണങ്ങൾ പോലെയല്ല മലർവാടി എന്നെനിക്ക് തോന്നാറുണ്ട്. അറിവുകളും തമാശകളുമെല്ലാം ഇതിലുണ്ട്. ആദ്യം മലർവാടിയെനിക്ക് ഇഷ്ടമായിരുന്നില്ല. പിന്നീട് വായിച്ച് വായിച്ച് ഇഷ്ടമാവുകയായിരുന്നു.

**ബർസ റുഖിയ കെ.എം**
**ക്ലാസ് 4, വി.എം പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ**

പ്രിയ മലർവാടീ, നീയെന്റെ ചങ്ങാതിയാണ്. നീ പറഞ്ഞു തരുന്ന കഥകളെല്ലാം രസകരമാണ്; നന്നായി ചിരിപ്പിക്കുന്നതും. അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

**ഹാദിയ ബിൻത് അലി**
**ക്ലാസ് 7**
**എച്ച്.ഐ.എം. സ്കൂൾ, കൽപ്പറ്റ**

പ്രിയ മലർവാടീ,
വൈറൽ എന്ന പംക്തിയിൽ വന്ന ഡെറക് എന്ന കുട്ടിയുടെ കഥ വായിച്ചപ്പോൾ സന്തോഷം തോന്നി. എന്ത് നല്ല മനസ്സാണ് ആ കുട്ടിക്ക്; പട്ടാളം പൈലിയും ചിരിവൈദ്യനും കുഞ്ഞുമോനുമെല്ലാം തമാശ നിറഞ്ഞതാണ്. ചക്കര ഇഞ്ചിങ്ങ വായിക്കാൻ ഓരോ തവണയും കാത്തിരിക്കുകയാണ്. മലർവാടി ഒരു കിടിലൻ ബാലപ്രസിദ്ധീകരണം തന്നെ.

**മുഹമ്മദ് ഇഹ്സാൻ. ആർ**
**ക്ലാസ് 5, കെ.പി.എം ഹയർ സെക്കന്ററി സ്കൂൾ, ചെറിയ വെളിന്നല്ലൂർ**

## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത്
**ബർസ റുഖിയ കെ.എം**
ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.





**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സ്ആപ് നമ്പറിലും അയക്കാം.**

▸▸ **വിവരാവകാശ നിയമം പാസാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം- തമിഴ്നാട്**